**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4662** **10-08-2021 - ൽ മറുപടിയ്ക്ക്**

**എളമുന്നപ്പുഴ ജി.എച്ച്.എസ്.എസ്. ലെ കിക്കോഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കിക്കോഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വൈപ്പിൻ നിയോജക മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. എളമുന്നപ്പുഴയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ? | (എ) | ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന പദ്ധതിയായ കിക്കോഫ് വൈപ്പിൻ മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ് എളങ്കുന്നപ്പുഴയിൽ 2019 മാർച്ച് മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുത്ത 25 പേർക്കാണ് പ്രസ്തുത സെന്ററിൽ പരിശീലനം നൽകുന്നത്. ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. കോവിഡ്-19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പദ്ധതികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. കോവിഡ്-19 നിയന്ത്രണങ്ങൾ മാറുന്നത് അനുസരിച്ച് പരിശീലനം പുനരാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ